***4.*** പ്രാദേശിക സർക്കാരുകളുടെ തനത് വരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിലേക്ക് പൊതു ആവശ്യ ഫണ്ട് സൂക്ഷിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്. (ഖണ്ഡിക 7.4)

***നടപടി***

***പൊതു ആവശ്യ ഫണ്ട് അതാത് പ്രാദേശിക സർക്കാരിന്റെ പ്രത്യേക TSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്ന രീതിയാണ് ഇപ്പോൾ അവലംബിക്കുന്നത്. അതിനാൽ ശിപാർശ നിരസിച്ചു.***

***5.*** കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റുകൾ വികസന ഫണ്ടിന്റെ ഭാഗമാണെങ്കിലും അവ PFMS മുതലായ രീതികൾ പ്രകാരം ലഭിച്ചു കഴിഞ്ഞാൽ അപ്പോൾ തന്നെ അതാത് പ്രാദേശിക സർക്കാരിന്റെ നിയുക്ത ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുക എന്നത് ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം നിർബന്ധമാണ്. ഈ ഫണ്ട് ലാപ്സാകുന്നതല്ല. പ്രാദേശിക സർക്കാരുകൾ തങ്ങളുടെ പദ്ധതിയും ബജറ്റും പ്രകാരമുള്ള കർമ്മ പദ്ധതി തയ്യാറാക്കേണ്ടതും വിനിയോഗത്തിന് പ്രത്യേകം അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. 2020-21 മുതൽ ലഭ്യമാകുന്ന ഗ്രാന്റുകൾ ലാപ്സാകില്ല എന്നും നിബന്ധന വരുത്തണം. (ഖണ്ഡിക 7.5)

***നടപടി***

***ശിപാർശ അംഗീകരിച്ചു.***

**(b) വികസനഫണ്ട്**

***6.*** സംസ്ഥാനത്തിന്റെ പദ്ധതി അടങ്കലിന്റെ ഒരു നിശ്ചിത ശതമാനം വികസന ഫണ്ടായി വകയിരുത്തുന്ന നിലവിലെ രീതി തുടരുന്നതിന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ, 2021-22 സാമ്പത്തിക വർഷത്തിൽ വികസന ഫണ്ടിന്റെ വിഹിതം നിർണ്ണയിക്കുമ്പോൾ, നിലവിലെ സംവിധാനത്തിൽ 1% വർദ്ധനവ് നൽകി സംസ്ഥാന പദ്ധതി അടങ്കലിന്റെ 26% വികസനഫണ്ട് ആയി നൽകുന്നതിനും പ്രസ്തുത ശതമാനം 30 ആകുന്നതുവരെ തുടർന്നുള്ള വർഷങ്ങളിൽ 0.5% വീതം വർദ്ധിപ്പിക്കുന്നതിനും ശിപാർശ ചെയ്തിട്ടുണ്ട്. മുനിസിപ്പാലിറ്റികൾക്കുള്ള പ്രത്യേക പദ്ധതിയായതിനാൽ ലോക ബാങ്ക് സഹായത്തോടെയുള്ള കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട് (KSWMP)-നു വേണ്ടിയുള്ള ഫണ്ട് ഈ വിഹിതത്തിനു പുറമേ നൽകേണ്ടതാണ്. (ഖണ്ഡിക 7.8 & 7.9)

***നടപടി***

***ശിപാർശ അംഗീകരിച്ചു.***

***7.*** ഒരിക്കൽ ബജറ്റിൽ ഉൾക്കൊള്ളിച്ചു കഴിഞ്ഞാൽ സംസ്ഥാനത്തിന്റെ പദ്ധതി അടങ്കൽ വെട്ടിക്കുറച്ചാലും പ്രാദേശിക സർക്കാരുകൾക്കുള്ള പദ്ധതി വിഹിതം ഭാവിയിൽ കുറയ്ക്കാൻ പാടില്ല എന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. (ഖണ്ഡിക 7.10)

***നടപടി***

***ശിപാർശ അംഗീകരിച്ചു.***

***8.*** തനതുവരുമാനം വർദ്ധിപ്പിക്കുന്നവർക്കു പ്രോത്സാഹനം നൽകണമെന്ന് രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തതും നാലാം സംസ്ഥാന ധനകാര്യ കമ്മീഷൻ എടുത്തു പറഞ്ഞതും സർക്കാർ അംഗീകരിച്ചതുമായ ശിപാർശ നടപ്പിലാക്കേണ്ടതാണ്. SCSP/TSP ഫണ്ടും കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റും ഒഴികെയുള്ള വികസന ഫണ്ടിന്റെ 15% വരുന്ന തുക ഇത്തരത്തിൽ പ്രോത്സാഹന തുകയായി നൽകാവുന്നതാണ്. (ഖണ്ഡിക 7.16)

***നടപടി***

***ശിപാർശ അംഗീകരിച്ചു.***

### (c) പട്ടികജാതി/പട്ടികവർഗ്ഗ ഉപപദ്ധതി (SCSP/TSP)

9. 2021-22 സാമ്പത്തിക വർഷത്തിൽ പ്രാദേശിക സർക്കാരുകളുടെ SCSP വിഹിതം 50% ഉം TSP വിഹിതം 25% ഉം ആയി നിർണ്ണയിക്കേണ്ടതാണ്. TSP വിഹിതം ക്രമേണ വർദ്ധിപ്പിച്ച് 2024-25 ആകുമ്പോൾ 33.33% ആക്കേണ്ടതാണ് (2022-23 ൽ 28% ഉം 2023-24 ൽ 30.50% ഉം 2024-25 ൽ 33.33% ആക്കേണ്ടതാണ്). (ഖണ്ഡിക 7.18)

***നടപടി***

***ശിപാർശ നിരസിച്ചു. നിലവിലുള്ള രീതി തുടരുന്നതാണ്.***

*10.* 2021-22 മുതൽ ഒരു സാമ്പത്തിക വർഷം വികസന ഫണ്ടിലെ SCSP/TSP വിഹിതത്തിൽ ഉണ്ടാകുന്ന കുറവ് അടുത്ത വർഷത്തെ പൊതു വിഭാഗം ഫണ്ടിൽ നിന്നും പുനരനുവദിക്കുന്ന രീതി പുന:സ്ഥാപിക്കണമെന്ന് ശിപാർശ ചെയ്തിരിക്കുന്നു. സാമ്പത്തിക വർഷത്തിന്റെ ഒന്നാമത്തെ ത്രൈമാസത്തിൽ അത് പുന:സ്ഥാപിക്കണമെന്നും വികസന ഫണ്ടിന്റെ ഭാഗമായ 3 സെക്ടറുകളിലെ ഫണ്ടുകളും അതനുസരിച്ച് ക്രമീകരിക്കേണ്ടതാണെന്നും ശിപാർശ ചെയ്തിട്ടുണ്ട്. (ഖണ്ഡിക 7.19)

***നടപടി***

***SCSP/TSP വിഭാഗങ്ങളിൽ അനുവദിക്കുന്ന 20% ക്യാരി ഓവർ ഒഴിച്ചുള്ള ഷോർട്ട് ഫാൾ തുക പൊതുവിഭാഗം ഫണ്ടിൽ നിന്നും പരിഹരിക്കുന്നതാണ്. എന്നാൽ, സാമ്പത്തിക വർഷത്തിന്റെ ഒന്നാമത്തെ ത്രൈമാസത്തിൽ തന്നെ അത് പുന:സ്ഥാപിക്കണമെന്ന ശിപാർശ നിരസിക്കുന്നു.***

*11.* വിവിധ സംസ്ഥാന വകുപ്പുകളിലെയും ബ്ലോക്ക്-ജില്ലാ പഞ്ചായത്തു കളിലേയും ഗ്രാമപഞ്ചായത്തിലെയും വിഭവങ്ങളെ യോജിപ്പിച്ച് ഗ്രാമപഞ്ചായത്തി നായി അടുത്ത മൂന്നു മാസത്തേയ്ക്ക് ഒരു സംയോജിത വികസന പദ്ധതി രൂപീകരിക്കേണ്ടതാണ്. സംസ്ഥാന ആസൂത്രണ ബോർഡും പട്ടിക വർഗ്ഗ വികസന വകുപ്പുമായി സഹകരിച്ച് ഈ പ്രക്രിയ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല കമ്മീഷനെ ഏല്പിക്കാവുന്നതാണ്. (ഖണ്ഡിക. 7.20)

***നടപടി***

***സംസ്ഥാന ധനകാര്യ കമ്മീഷനു പകരം സംസ്ഥാന ആസൂത്രണ ബോർഡ് ഈ പ്രവർത്തനങ്ങൾ സംയോജിപ്പിക്കേണ്ടതാണ് എന്ന നിബന്ധനയ്ക്ക് വിധേയമായി ഇടമലക്കുടി ഗ്രാമപഞ്ചായത്തിനായി ഒരു സംയോജിത വികസന പദ്ധതി രൂപീകരിക്കേണ്ടതാണ് എന്ന ശിപാർശ അംഗീകരിച്ചു.***

**(d) സംരക്ഷണ ഫണ്ട്**

*12.* സംരക്ഷണ ഫണ്ട് സംസ്ഥാനത്തിന്റെ അറ്റ തനതു നികുതി വരുമാനത്തിന്റെ (Net SoTR) 6.5% ആയി വർദ്ധിപ്പിക്കേണ്ടതും അതിൽ റോഡ് സംരക്ഷണ ഫണ്ട് 4% ആയും റോഡിതര സംരക്ഷണ ഫണ്ട് 2.5% ആയും വർദ്ധിപ്പിക്കണമെന്നും കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. (ഖണ്ഡിക 7.22)

***നടപടി***

***ശിപാർശ അംഗീകരിച്ചു.***

**(e) പൊതു ആവശ്യ ഫണ്ട്**

*13.* സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ 3.5 % ൽ നിന്നും 4% ആയി പൊതു ആവശ്യ ഫണ്ട് വർദ്ധിപ്പിക്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.
(ഖണ്ഡിക 7.29)

***നടപടി***

***ശിപാർശ അംഗീകരിച്ചു.***

**B. മറ്റിനങ്ങൾ**

14. 01.04.2021 മുതൽ കെട്ടിട നികുതി പ്രാദേശിക സർക്കാരുകളുടെ കീഴിലുള്ള നികുതിയായി കണക്കാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്. (ഖണ്ഡിക. 7.31)

***നടപടി***

***പ്രാദേശിക സർക്കാരുകൾക്ക് ചുമത്താവുന്ന നിരവധി നികുതികളുണ്ട്. എന്നാൽ, അവ പൂർണ്ണമായും പിരിച്ചെടുക്കപ്പെടുന്നില്ല. അതിനാൽ ശിപാർശ നിരസിച്ചു.***

15. വിനോദ നികുതിയും പരസ്യ നികുതിയും പ്രാദേശിക സർക്കാരുകൾ പിരിക്കുന്നതു നിർത്തലാക്കിയതു വഴി അവർക്ക് പ്രതിവർഷം ഏകദേശം 100 കോടി രൂപ നഷ്ടമുണ്ടായിട്ടുണ്ട്. സർക്കാരിന് GST ലഭ്യമാകുന്നതിനാൽ 2017-18 മുതലുള്ള ഈ നഷ്ടം 1/4/21 മുതൽ 4 അർദ്ധ വാർഷിക തവണകളായി പരിഹരിച്ചു നൽകേണ്ടതാണ്. മറ്റൊരു രീതി പ്രായോഗികമാക്കുന്നതു വരെ ഇത്തരത്തിൽ നഷ്ടപരിഹാരം തുടർന്നും നൽകേണ്ടതാണ്. ഫിസ്ക്കൽ ഫെഡറലിസത്തിന്റെ അന്തസ്സത്തയ്ക്ക് ഇതാവശ്യമാണ്. (ഖണ്ഡിക. 7.32)

***നടപടി***

***പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും സമർപ്പിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2020-21 ലെ റവന്യൂ നഷ്ടം 2021-22 ൽ പരിഹരിക്കുന്നതാണ് എന്ന വ്യവസ്ഥയിൽ ശിപാർശ അംഗീകരിച്ചു. വിനോദ നികുതിയും പരസ്യ നികുതിയും വഴി ഉണ്ടായ റവന്യു നഷ്ടം കണക്കാക്കേണ്ട അടിസ്ഥാന വർഷം 2016-17 ആയി തീരുമാനിച്ചു.***

**C. ധന വിന്യാസത്തിനുള്ള ഫോർമുല**

(a) **വികസന ഫണ്ട് - പൊതുവിഭാഗം**

16. പൊതു വിഭാഗത്തിലെ മൊത്തം ഫണ്ട് ആദ്യം ഗ്രാമീണ പ്രാദേശിക സർക്കാരുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ഗ്രാമപ്രദേശങ്ങളിലും മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലുമുള്ള പട്ടകജാതി പട്ടികവർഗ്ഗ ഇതര ജനസംഖ്യയെ (2011 സെൻസസ് പ്രകാരമുള്ള) അടിസ്ഥാനമാക്കി 77.24:13.42:9.34 എന്ന അനുപാതത്തിൽ വിഭജിക്കേണ്ടതാണ്. (ഖണ്ഡിക 7.37)

***നടപടി***

***2011 സെൻസസ് പ്രകാരം പട്ടികജാതി പട്ടിക വർഗ്ഗ ഇതര ജനസംഖ്യയുടെ അനുപാതം 76.35: 13.89: 9.76 ആണ്. ആകയാൽ ഫണ്ടിന്റെ വിതരണം ഈ അനുപാതത്തിൽ നടത്തുന്നതാണ്. മുകളിൽ പറഞ്ഞിരിക്കുന്ന ഭേദഗതികളോടെ ശിപാർശ അംഗീകരിച്ചു.***

17. ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവയുടെ വികസന ഫണ്ട് പൊതു വിഭാഗത്തിലെ വിഹിതം 70: 15 :15 എന്ന അനുപാതത്തിലായിരിക്കണം (ഖണ്ഡിക 7.38)

***നടപടി***

***ശിപാർശ അംഗീകരിച്ചു***

18. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടെയുള്ള വികസന ഫണ്ടിന്റെ പൊതു വിഭാഗം ഫണ്ട് 5 തലത്തിലുള്ള പ്രാദേശിക സർക്കാരുകൾക്ക് താഴെ പറയും പ്രകാരം വിഭജിക്കാവുന്നതാണ്:

| **ക്രമ നം.** | **മാനദണ്ഡം** | **ഗ്രാമ പഞ്ചായത്ത്** | **ബ്ലോക്ക് പഞ്ചായത്ത്** | **ജില്ലാ പഞ്ചായത്ത്** | **മുനിസിപ്പാലിറ്റി** | **മുനിസിപ്പൽ കോർപ്പറേഷൻ** |
|---|---|---|---|---|---|---|
| | **വെയിറ്റേജ് (%)** | | | | | |
| 1 | പട്ടികജാതി പട്ടികവർഗ്ഗ ഇതര ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 40 | 50 | 50 | 40 | 40 |
| 2 | വിസ്തീർണ്ണം (ചതു. കി.മീ.) | 10 | 10 | 10 | 10 | 10 |

| | | | | | | |
|---|---|---|---|---|---|---|
| 3 | പാരിസ്ഥിതിക ദൗർബല്യം (Environmental Vulnerability)<br>1. വെള്ളപ്പൊക്ക സമതല പ്രദേശം (Ha)<br>2. തീരദേശ മേഖലയുടെ നീളം (Km)<br>3. ഉയർന്ന അപകട സാധ്യതയുള്ള മേഖല (Ha) | 10 | 10 | 10 | 10 | 10 |
| 4 | ഇല്ലായ്മയുടെ തോത് (Deprivation Index)<br>1. LPG കണക്ഷൻ ഇല്ലാത്ത വീടുകൾ<br>2. വൈദ്യുതി ഇല്ലാത്ത വീടുകൾ<br>3. ജലകണക്ഷൻ ഇല്ലാത്ത വീടുകൾ<br>4. അന്ത്യോദയ അന്നയോജന മുൻഗണനയുള്ള വീടുകൾ<br>5. ആളോഹരി തനതു വരുമാന വ്യത്യസവും ജനസംഖ്യയും തമ്മിലുള്ള ഗുണനഫലം | 25 | 30* | 30* | 25 | 25 |
| 5 | വരുമാന സമാഹരണത്തിനുള്ള പ്രോത്സാഹനം ** | 15 | | | 15 | 15 |
| | **ആകെ** | **100** | **100** | **100** | **100** | **100** |

കുറിപ്പ്:* ഉയർന്ന ആളോഹരി തനതു വരുമാനത്തിൽ നിന്നുള്ള വ്യതിയാനം ഉൾക്കൊള്ളുന്നില്ല.

** ഇൻസെന്റീവ് ഫണ്ടിന്റെ കാര്യത്തിൽ ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയുടെ വിഹിതം രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ (Appendix 7.1-ൽ കൊടുത്തിരിക്കുന്ന പ്രകാരം) നിർദ്ദേശിച്ച പ്രകാരമുള്ള രീതിയിൽ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ വിതരണം നടത്തിയതിനു ശേഷം അവശേഷിക്കുന്ന തുക മുകളിൽ പറഞ്ഞിട്ടുള്ള വെയിറ്റേജ് പ്രകാരം വീതം വയ്ക്കേണ്ടതാണ്. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്ത പട്ടികജാതി പട്ടിക വർഗ്ഗ ഇതര ജമസംഖ്യ മാത്രം നോക്കാതെ. (ഖണ്ഡിക 7.39)

***നടപടി***

***ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും UFC ഗ്രാന്റ് ഒഴികെയുള്ള പൊതു വിഭാഗം ഫണ്ട് അനുവദിക്കുമ്പോൾ 2020-21 നെ അപേക്ഷിച്ച് പരമാവധി കുറവ് 15% ആയും പരമാവധി വർദ്ധനവ് 75% ആയും നിജപ്പെടുത്തുന്നതാണ്. ഈ ഭേദഗതിയോടെ ശിപാർശ അംഗീകരിച്ചു.***

19 (i) 2021-22 വർഷത്തേയ്ക്ക് സംസ്ഥാന ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ഫോർമുല അനുസരിച്ച് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഒഴികെയുള്ള വികസന ഫണ്ട് മാത്രം വിതരണം നടത്താവുന്നതാണ്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് സംബന്ധിച്ച യഥാർത്ഥ തുക അറിയുമ്പോൾ അതും ഈ ഫോർമുല പ്രകാരം വിതരണം നടത്താവുന്നതാണ്. സംസ്ഥാന ധനകാര്യ കമ്മീഷൻ ഫോർമുല പ്രകാരം ഫണ്ട് വീതിക്കുമ്പോൾ ഏതെങ്കിലും പ്രാദേശിക സർക്കാരിന് കുറവ് സംഭവിക്കുകയാണെങ്കിൽ 2020-21 ൽ ചെയ്തതു പോലെ ആ വിടവ് സംസ്ഥാന സർക്കാരിന് പരിഹരിക്കാവുന്നതാണ്.

(ii) 2022-23 ഓടെ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് എത്രയാണെന്ന് അറിയാൻ കഴിയും. ആയതിനാൽ ആ വർഷം മുതൽ പ്രാദേശിക സർക്കാരുകൾക്ക് നീക്കി വയ്ക്കുന്ന തുകയിലുള്ള വിടവ് അഡ്ജസ്റ്റ് ചെയ്ത് സംസ്ഥാന സർക്കാരിൽനിന്ന് നൽകേണ്ടി വരുന്ന അധിക തുക പരമാവധി കുറയ്ക്കുന്ന തരത്തിലുള്ള അനുയോജ്യമായ ഒരു സമവാക്യം സംസ്ഥാന ധനകാര്യ കമ്മീഷൻ നിർദ്ദേശിക്കുന്നതായിരിക്കും.

(iii) കേന്ദ്ര ധനകാര്യ കമ്മീഷന്റെ മാനദണ്ഡങ്ങൾ പ്രകാരം, വികസന ഫണ്ട് വിനിയോഗിക്കാൻ കഴിയാത്ത വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, മാലിന്യ സംസ്ക്കരണം തുടങ്ങിയ പതിവ് ചെലവുകൾക്ക് UFC ഗ്രാന്റ് ഉപയോഗിക്കാവുന്നതാണ്. ടി ചെലവുകൾ ഇപ്പോൾ തനത് ഫണ്ടിൽ നിന്നും പൊതു ആവശ്യ ഫണ്ടിൽ നിന്നുമാണ് വഹിക്കുന്നത്. കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ ടി ചെലവുകൾക്ക് വിനിയോഗിക്കാൻ പ്രാദേശിക സർക്കാരുകളെ അനുവദിച്ചാൽ അവർക്ക് അവരുടെ തനത് വരുമാനവും പൊതു ആവശ്യ ഫണ്ടും വിവിധ വികസന പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതുമാണ്. (ഖണ്ഡിക 7.44)

***നടപടി***

***പൊതു വിഭാഗത്തിലെ സാധാരണ വിഹിതം പുനർ വിതരണം നടത്തികൊണ്ട് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ക്രമീകരിക്കാം എന്ന ഭേദഗതിയോടെ ശിപാർശ അംഗീകരിച്ചു. ഇങ്ങനെ ചെയ്യുമ്പോൾ വിടവിന്റെ പ്രശ്നം ഉദിക്കുന്നില്ല.***

**(b) വികസന ഫണ്ട് - SCSP/TSP (പട്ടികജാതി ഉപ പദ്ധതി/പട്ടികവർഗ്ഗ ഉപ പദ്ധതി)**

20. SCSP ഫണ്ടുകൾ ഗ്രാമീണ പ്രാദേശിക സർക്കാരുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ പട്ടികജാതി ജനസംഖ്യയുടെ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കണം. (അതായത്, 2011-ലെ സെൻസസ് പ്രകാരം 83.25:10.25:6.50 എന്ന അനുപാതത്തിൽ). ഗ്രാമീണ പ്രദേശിക സർക്കാരുകൾക്കുള്ള വിഹിതം വീണ്ടും 60:20:20 എന്ന അനുപാതത്തിൽ ഗ്രാമ/ ബ്ലോക്ക് /ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിക്കാവുന്നതാണ്. (ഖണ്ഡിക.7.46)

***നടപടി***

***ശിപാർശ അംഗീകരിച്ചു***

21. ജനസംഖ്യക്കും ഇല്ലായ്മയുടെ തോതിനും (deprivation index) 60: 40 എന്ന അനുപാതത്തിൽ വെയിറ്റേജ് കൊടുത്തുകൊണ്ട് പട്ടികജാതി ഉപ പദ്ധതി (SCSP) ഫണ്ട് പ്രാദേശിക സർക്കാരുകൾക്ക് വിതരണം ചെയ്യാവുന്നതാണെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. *(ഖണ്ഡിക 7.47)*

***നടപടി***

***തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്നവ ഒഴികെയുള്ള ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമുള്ള പട്ടിക ജാതി ഉപ പദ്ധതി ഫണ്ട് അനുവദിക്കുമ്പോൾ 2020-21-നെ അപേക്ഷിച്ച് പരമാവധി കുറവ് 15% ആയും പരമാവധി വർദ്ധനവ് 40% ആയും നിജപ്പെടുത്തുന്നതാണ്. ഈ ഭേദഗതിയോടെ ശിപാർശ അംഗീകരിച്ചു.***

22. പട്ടിക വർഗ്ഗ ഉപപദ്ധതി (TSP) ഫണ്ടുകൾ ഗ്രാമീണ പ്രാദേശിക സർക്കാരുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ പട്ടിക വർഗ്ഗ ജനസംഖ്യയുടെ അനുപാതത്തിൽ ഗ്രാമപ്രദേശങ്ങൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവർക്കായി വിഭജിക്കേണ്ടതാണ് (അതായത്, 91.96:6.08:1.96). ഗ്രാമീണ പ്രാദേശിക സർക്കാരുകളുടെ വിഹിതം വീണ്ടും 60:20:20 എന്ന അനുപാതത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കായി വിഭജിക്കേണ്ടതാണ്. (ഖണ്ഡിക. 7.48)

***നടപടി***

***ശിപാർശ അംഗീകരിച്ചു***

23. (i) എല്ലാ ശ്രേണികളിലുമുള്ള പ്രാദേശിക സർക്കാരുകളുടെ പട്ടിക വർഗ്ഗ ഉപ പദ്ധതി ഫണ്ട് താഴെ പറയുന്ന വെയിറ്റേജ് പ്രകാരം വിതരണം ചെയ്യേണ്ടതാണ്.

ജനസംഖ്യ 60%

ഇല്ലായ്മയുടെ തോത് (Index of Deprivation) 40% (ഖണ്ഡിക 7.49)

***നടപടി***

***ശിപാർശ അംഗീകരിച്ചു***

(ii) സംസ്ഥാന ആസൂത്രണ ബോർഡ് കണ്ടു പിടിച്ചിട്ടുള്ള പ്രത്യേക ദുർബല ഗോത്ര വിഭാഗക്കാർക്കും (Particularly Vulnerable Tribal Groups-PVTGs) വളരെയേറെ പാർശ്വവൽക്കരിക്കപ്പെട്ട ഗോത്ര വർഗ്ഗക്കാർക്കും (Most Marginalised Tribal Groups-MMTGs) ഉള്ള വിഹിതം മറ്റു പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ആളോഹരി വിഹിതത്തിന്റെ ഇരട്ടിയായിരിക്കണം എന്ന രീതിയിൽ വേണം ജനസംഖ്യ മാനദണ്ഡം പ്രയോഗിക്കേണ്ടത്. PVTG യ്ക്കും MMTG യ്ക്കുമുള്ള ഫണ്ട് വിതരണം നടത്തുന്നതിന് പട്ടിക വർഗ്ഗ വികസന വകുപ്പിന്റെ ഏറ്റവും പുതിയ വിവരങ്ങൾ ആണ് ഉപയോഗിച്ചിട്ടുള്ളത്. (ഖണ്ഡിക 7.50)

***നടപടി***

***ശിപാർശ അംഗീകരിച്ചു***

(iii) 2011 ലെ സെൻസസ് പ്രകാരം പട്ടിക വർഗ്ഗ ജനസംഖ്യ 50 എങ്കിലും ഉള്ള പ്രദേശിക സർക്കാരുകൾക്ക് മാത്രമേ പട്ടിക വർഗ്ഗ ഉപ പദ്ധതി ഫണ്ടുകൾ വിതരണം ചെയ്യേണ്ടതുള്ളൂ. ഇല്ലായ്മയുടെ തോത് കണ്ടുപിടിക്കാനുള്ള വിവരങ്ങൾ ലഭ്യമല്ലെങ്കിൽ 50 ൽ കൂടുതൽ പട്ടികവർഗ്ഗ ജനസംഖ്യ ഉള്ള പ്രദേശിക സർക്കാരുകൾക്ക് 2020-21 ൽ നൽകിയ അതേ തുക തന്നെ നൽകേണ്ടതാണ്. അത്തരം പ്രാദേശിക സർക്കാരുകളുടെ ഇല്ലായ്മയുടെ തോത് കണക്കാക്കുന്ന തിനാവശ്യമായ വിവരങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് ശേഖരിക്കേണ്ടതും 2022-23 മുതലുള്ള ഫണ്ട് വിതരണം അതിനനുസരിച്ച് നടത്തേണ്ടതുമാണ്. (ഖണ്ഡിക 7.52)

***നടപടി***

***ശിപാർശ അംഗീകരിച്ചു***

(iv) വിവിധ പ്രാദേശിക സർക്കാരികളിലായി ചിതറിക്കിടക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ജനങ്ങളെ കണ്ടെത്തുകയും കുടുംബ സർവ്വേ നടത്തുകയും എല്ലാ സഹായവും പ്രാദേശിക സർക്കാരുകൾ അവരുടെ ഫണ്ടിൽ നിന്നു നൽകേണ്ടതുമാണ്. പട്ടിക വർഗ്ഗ വികസന വകുപ്പും ഇതിന് സഹായിക്കേണ്ടതാണ്. (ഖണ്ഡിക.7.53)

***നടപടി***

***ശിപാർശ അംഗീകരിച്ചു***

(v) വികസന ഫണ്ട് (ജനറൽ, SCSP, TSP), പൊതു ആവശ്യ ഫണ്ട് തുടങ്ങിയ വിവിധയിനം ഫണ്ടുകൾ പ്രാദേശിക സർക്കാരുകൾക്ക് വീതംവച്ചു നൽകേണ്ടത് അപ്പൻഡിക്സ് 7.3, 7.4, 7.5, 7.6, 7.7 എന്നിവ അനുസരിച്ച് വേണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. (ഖണ്ഡിക 7.54)

***നടപടി***

***ശിപാർശ അംഗീകരിച്ചു***

**(സി) സംരക്ഷണ ഫണ്ട്**

24. ഓരോ വിഭാഗം റോഡിനുമുള്ള വെയിറ്റേജ് താഴെ പറയും പ്രകാരം കൊടുക്കേണ്ടതാണ്.

(1) ടാറിട്ട റോഡ് (Non BM&BC) - 1

(2) ഗ്രാവൽ/മെറ്റൽ റോഡ് - 1

(3) ചെമ്മൺ പാത - 1

(4) മറ്റ് റോഡുകൾ - BM&BC,
കോൺക്രീറ്റ്, ഇന്റലോക്ക് - 0.05

റോഡുകൾ വീതിയുടെ അടിസ്ഥാനത്തിൽ 2 വിഭാഗമായി തരംതിരിക്കേണ്ട താണ്. 3 മീറ്ററിന് താഴെയും 3 മീറ്ററിന് മുകളിലും; വെയിറ്റേജ് യഥാക്രമം 0.5-ഉം 1-ഉം.

വിസ്തീർണ്ണം ഇപ്പോൾ പരിഗണിക്കേണ്ടതില്ല. ഈ മാനദണ്ഡം പ്രകാരം റോഡ് സംരക്ഷണ ഫണ്ട് 4 മാസത്തേയ്ക്ക് ആദ്യ തവണയായി വിതരണം ചെയ്യേണ്ടതാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലാ പഞ്ചായത്തുകൾ ലഭ്യമാക്കിയ റോഡ് സംബന്ധിച്ച വിവരങ്ങളിൽ അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ ലഭ്യമാക്കി വിവരങ്ങളിലെ റോഡുകളുടെ നീളത്തേക്കാളും വളരെ വലിയ വർദ്ധനവാണ് കാണിക്കുന്നത്. മറ്റു ജില്ലാ പഞ്ചായത്തുകൾ നൽകിയ വിവരങ്ങളിൽ 73% ശരാശരി വർദ്ധനവാണ് കഴിഞ്ഞ 5 വർഷം കൊണ്ട് റോഡുകളുടെ നീളത്തിൽ ഉണ്ടായിരിക്കുന്നത്. അതിനാൽ അഞ്ചാം സംസ്ഥാന ധനകാര്യ കമ്മീഷൻ പ്രകാരമുള്ള വിവരങ്ങളേക്കാൾ റോഡുകളുടെ നീളത്തിൽ 53% വർദ്ധനവാണ് എന്ന് അനുമാനിച്ചുകൊണ്ടാണ് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലാ പഞ്ചായത്തുകളുടെ റോഡ് സംരക്ഷണ ഫണ്ട് വിതരണം നടത്തിയിട്ടുള്ളത്. ഓരോ പ്രാദേശിക സർക്കാരിനുമുള്ള റോഡ് സംരക്ഷണ ഗ്രാന്റ് വിഹിതം അപ്പൻഡിക്സ് 7.8-ൽ കൊടുത്തിട്ടുണ്ട്. തുടർന്നുള്ള കാലയളവിലേക്ക് അതാതു സമയത്തെ ശരിയായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കമ്മീഷൻ ഭേദഗതികൾ നിർദ്ദേശിക്കുന്നതാണ്. (ഖണ്ഡിക 7.57)

***നടപടി***

***ശിപാർശ അംഗീകരിച്ചു***

25. 16.01.2020-ലെ ജി.ഒ. (ആർ.ടി) നം.165/2010/എൽ.എസ്.ജി.ഡി. എന്ന സർക്കാർ ഉത്തരവ് ഉടനടി നടപ്പിലാക്കേണ്ടതാണ് എന്ന് കമ്മീഷൻ ശിപാർശ ചെയ്യുന്നു (അതിന്റെ വിശദ വിവരങ്ങൾ അപ്പൻഡിക്സ് 7.9-ൽ കൊടുത്തിട്ടുണ്ട്). 2021 ജനുവരി 1 മുതലുള്ള 3 മാസത്തിനുള്ളിൽ തന്നെ പ്രസ്തുത നടപടികൾ പൂർത്തിയാക്കേണ്ടതാണ്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി, PMGSY-യുടെ സംസ്ഥാന സാങ്കേതിക ഏജൻസി (State Technical Agency), തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് വിങ്ങ് ചീഫ് എഞ്ചിനീയർ, പൊതു മരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ, നാറ്റ്പാക് (NATPAC) ഡയറക്ടർ, ചീഫ് ടെക്നിക്കൽ എക്സാമിനർ, പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. കുടുംബശ്രീയുടെ കീഴിലുള്ള സൂക്ഷ്മ യൂണിറ്റുകളെ (micro enterprises) അതിന്റെ പ്രാവർത്തികമാക്കൽ ഏൽപ്പിക്കാവുന്നതാണ്. അവർക്ക് പ്രാദേശികമായി നാഴിക കല്ലുകൾ (milestones) നിർമ്മിക്കാനും സാങ്കേതിക സവിശേഷതകൾ അനുസരിച്ച് സ്ഥാപിക്കാനും കഴിയും. ഇതിന്റെ ചെലവ് റോഡ് സംരക്ഷണ ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്. (ഖണ്ഡിക 7.59)

***നടപടി***

***ശിപാർശ അംഗീകരിച്ചു***

26. ആദ്യ നാല് മാസത്തേയ്ക്കുള്ള റോഡിതര സംരക്ഷണ ഫണ്ട് കഴിഞ്ഞ വർഷത്തെ *അതേ തുക തന്നെയായിരിക്കും.* *(ഖണ്ഡിക 7.60)*

***നടപടി***

***ശിപാർശ അംഗീകരിച്ചു***

27. റോഡിതര സംരക്ഷണ ഫണ്ട് ഉപയോഗിക്കുന്നതിൽ താഴെ പറയുന്ന നെഗറ്റീവ് ലിസ്റ്റ് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്.

(1) ഓഫീസ് എയർ കണ്ടീഷനിംഗ്

(2) ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയുടെ സ്വന്തം ഓഫീസുകളുടെ ചെലവ്.

(3) ഖര-ദ്രവ്യ മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട ആസ്തികളുടെ സംരക്ഷണം.

(4) ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ് സ്റ്റാൻഡുകൾ, ബസ് ബേകൾ മുതലായവരുടെ സംരക്ഷണം.

(5) പ്രാദേശിക സർക്കാരുകൾ നടത്തുന്ന ജലവിതരണ പദ്ധതികളുടെ സംരക്ഷണം.

(6) തെരുവുവിളക്കുകളുടെ സംരക്ഷണം. (ഖണ്ഡിക. 7.61)

***നടപടി***

***ശിപാർശ അംഗീകരിച്ചു***

**(d) പൊതു ആവശ്യ ഫണ്ട്**

28. പൊതു ആവശ്യ ഫണ്ട് താഴെപ്പറയുന്ന രീതിയിൽ വീതം വയ്ക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്:

ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും കാര്യത്തിൽ നിലവിലുള്ള രീതി 2021-22 വർഷത്തിലും തുടരുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ജനസംഖ്യാനുപാതികമായി 77.24:13.43:9.34 എന്ന അനുബന്ധത്തിൽ വീതിക്കണം. എന്നാൽ ജനസംഖ്യ ഏറ്റവും ഉയർന്ന പ്രതിശീർഷ തനതു വരുമാനത്തിൽ നിന്നുള്ള വ്യതിയാനവും ജനസംഖ്യയും തമ്മിലുള്ള ഗുണനഫലം എന്നിവയ്ക്ക് തുല്യ പ്രാധാന്യം നൽകിയിട്ടുള്ള സൂത്രവാക്യത്തിന്റെ (formula) അടിസ്ഥാനത്തിലായിരിക്കും ഓരോ വിഭാഗത്തിലുമുള്ള പ്രാദേശികസർക്കാരുകൾക്കുള്ള ഫണ്ട് വിതരണം നടത്തുക. ഗ്രാമപഞ്ചായത്തുകളുടെ വിഹിതത്തിൽ നിന്നും 10 കോടി രൂപ വിടവ് നികത്തൽ ഫണ്ടായി മാറ്റിവയ്ക്കാവുന്നതാണ്. സാമ്പത്തിക വർഷത്തിന്റെ ആദ്യത്തെ ആറു മാസത്തിനുള്ളിൽ അനുവദിയ്ക്കാതെ അവശേഷിക്കുന്ന ഈ വിടവ് നികത്തൽ ഫണ്ട് പൊതു ആവശ്യഫണ്ട് വിതരണം നടത്തുന്ന അതേ അനുപാതത്തിൽ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കുമായി വിതരണം നടത്താവുന്നതാണ്. (ഖണ്ഡിക 7.62)

***നടപടി***

***ബ്ലോക്ക് ജില്ലാ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട ശിപാർശ അംഗീകരിച്ചു. നിലവിൽ ഗ്രാമ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടേയും മുനിസിപ്പൽ കോർപ്പറേഷനുകളുടേയും ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടാണ് പൊതു ആവശ്യ ഫണ്ട് വിതരണം ചെയ്യുന്നത്. എന്നാൽ ജനസംഖ്യയ്ക്കും പ്രതിശീർഷ വരുമാനത്തിനും 50% വീതം***

***വെയ്റ്റേജ് നൽകി വിതരണം ചെയ്യണമെന്ന കമ്മീഷൻ ശിപാർശ അംഗീകരിക്കുകയാണെങ്കിൽ ജനസംഖ്യ കൂടുതലുള്ള പ്രാദേശിക സർക്കാരുകളുടെ വിഹിതത്തിൽ കാര്യമായ കുറവ് ഉണ്ടാകും. അതുകൊണ്ട് ശിപാർശയുടെ ഈ ഭാഗം നിരസിക്കുന്നു. നിലവിൽ നൽകുന്നതു പോലെ ജനസംഖ്യയെ മാത്രം അടിസ്ഥാനമാക്കി ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും പൊതു ആവശ്യ ഫണ്ട് വിതരണം നടത്തുന്നതാണ്. ശബരിമലയ്ക്കു ചുറ്റുമുള്ള എരുമേലി, ചിറ്റാർ, റാന്നി-പെരുനാട്, വടശ്ശേരിക്കര, സീതത്തോട്, നാറാണമൂഴി എന്നീ ഗ്രാമ പഞ്ചായത്തുകൾക്ക് 15 ലക്ഷം രൂപ വീതവും ഗുരുവായൂർ മുനിസിപ്പാലിറ്റിക്ക് 25 ലക്ഷം രൂപ വീതവും സ്പെഷ്യൽ ഗ്രാന്റായി പൊതു ആവശ്യ ഫണ്ടിൽ നിന്നും അനുവദിച്ചു. പൊതു ആവശ്യ ഫണ്ടിന്റെ അവസാന ഗഡുവിൽ ഈ തുക അഡ്ജസ്റ്റ് ചെയ്യുന്നതായിരിക്കും.***

29. എല്ലാ സൂത്ര വാക്യങ്ങളും (formulae) ആദ്യവർഷത്തേക്കു മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത്. (ഖണ്ഡിക 7.63)

***നടപടി***

***ശിപാർശ അംഗീകരിച്ചു***

**D. മുൻ സംസ്ഥാന ധനകാര്യകമ്മീഷനുകളുടെ ശിപാർശകൾ പ്രാവർത്തികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

30. മുൻ സംസ്ഥാന ധനകാര്യ കമ്മീഷനുകളുടെ താഴെപ്പറയുന്ന ശിപാർശകൾ നടപ്പിലാക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഇവ പ്രാവർത്തിക മാക്കുന്നതിനുള്ള നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്:

***(i) ഒന്നിൽ കൂടുതൽ പഞ്ചായത്തുകളിൽ വ്യാപിച്ചുകിടക്കാത്ത തരത്തിൽ വില്ലേജുകളുടെ അതിർത്തി പുനർനിർണ്ണയം നടത്താവുന്നതാണ്.***

ഇത് പ്രാവർത്തികമാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി, റവന്യൂ സെക്രട്ടറി, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ ഉൾപ്പെട്ട ഒരു അതിർത്തി പുനർനിർണ്ണയ കമ്മീഷൻ (Delimitation Commission) രൂപീകരിക്കാവുന്നതാണ്. ഓരോ ജില്ലയിലും അതാത് ജില്ലാ കളക്ടർമാർ നാലാമത്തെ അംഗമായിരിക്കും. ഒന്നോ അതിൽ കൂടുതലോ വില്ലേജുകൾ പൂർണ്ണമായും ഒരു പ്രാദേശിക സർക്കാരിൽ, അതായത്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി അല്ലെങ്കിൽ മുനിസിപ്പൽ കോർപ്പറേഷൻ ഉൾപ്പെടുന്ന തരത്തിൽ മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടതാണ്. ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച്, രക്ഷാ-ആശ്വാസ പ്രവർത്തനങ്ങളിൽ, വില്ലേജ് ഓഫീസറും പ്രാദേശിക സർക്കാരും കൈകോർത്ത് നിൽക്കണം. ആശ്വാസ-പുനരധിവാസ നടപടികൾ തിട്ടപ്പെടുത്തുമ്പോൾ പ്രാദേശിക സർക്കാരിൽ നിന്നുള്ള വിവരങ്ങൾ കൂടി പരിഗണിക്കണം. എല്ലാ ബന്ധപ്പെട്ട വിവരങ്ങളും, പ്രത്യേകിച്ച് പുറമ്പോക്ക്, പുതിയ കെട്ടിടങ്ങൾ, നെൽപ്പാടങ്ങൾ ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടത്, പരസ്പരം കൈമാറണം.

***(ii) 25,000 രൂപയോ അതിൽ കൂടുതലോ മൂല്യമുള്ള സ്ഥാവര വസ്തുക്കളുടെ കൈമാറ്റം നടത്തുമ്പോൾ വിലയുടെ ഒരു ശതമാനം***

***നിരക്കിൽ ഒരു നികുതി ചുമത്തുന്നതിന് ജില്ലാ പഞ്ചായത്തുകൾക്ക് അധികാരം നൽകാവുന്നതാണ്.***

ഈ നികുതി രജിസ്ട്രേഷൻ വകുപ്പ് ശേഖരിച്ച് ബന്ധപ്പെട്ട ജില്ലയ്ക്ക് കൈമാറ്റം ചെയ്യാവുന്നതാണ്. ഒരു ലക്ഷം രൂപയിൽ കൂടുതൽ വരുന്ന എല്ലാ ഇടപാടുകൾക്കും നികുതി നിരക്ക് വിലയുടെ രണ്ട് ശതമാനമായിരിക്കും.

***(iii) പദ്ധതി ഗ്രാന്റ്, സംരക്ഷണ ഗ്രാന്റ്, പൊതു ആവശ്യഗ്രാന്റ് എന്നിവയിൽ പ്രാദേശിക സർക്കാരുകൾക്ക് മിനിമം വിഹിതം നിശ്ചയിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്ടിലും കേരള മുനിസിപ്പാലിറ്റി ആക്ടിലും ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതാണ്.***

ഈ ശുപാർശ പ്രാവർത്തികമാക്കേണ്ടതാണ്.

***(iv) നികുതിയേതര റവന്യൂ ഇനങ്ങളും വസ്തു നികുതി, പരസ്യനികുതി, സേവനനികുതി തുടങ്ങിയ നികുതികളും ഇൻഡക്സ് ചെയ്യുന്നതിനുള്ള നിയമനിർമ്മാണം നടത്തേണ്ടതാണ്. നഗരഭരണ പ്രദേശങ്ങളുടെ കാര്യത്തിൽ കൂലിവേലക്കാരല്ലാത്തവർക്ക് തിരുവനന്തപുരം ജില്ലയിൽ നിശ്ചയിച്ചിട്ടുള്ള ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിലും, ഗ്രാമപഞ്ചായത്തു കളുടെ കാര്യത്തിൽ, കർഷകത്തൊഴിലാളികൾക്ക് സംസ്ഥാനത്ത് നിശ്ചയിച്ചിട്ടുള്ള ഉപഭോക്തൃ വില സൂചികയുടെ അടിസ്ഥാനത്തിലും നികുതിയേതര ലൈസൻസിനങ്ങളും പരസ്യ നികുതിയും രണ്ടു വർഷത്തിലൊരിക്കൽ പരിഷ്കരിക്കണം; തൊഴിൽ നികുതിയും സേവനനികുതിയും നാലു വർഷം കൂടുമ്പോൾ പരിഷ്കരിക്കണം.***

വസ്തു നികുതി, സേവന നികുതി, നികുതിയേതര റവന്യൂ എന്നിവയുടെ കാര്യത്തിൽ മേൽ നിർദ്ദേശം നടപ്പിലാക്കാവുന്നതാണ്.

***(v) സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി താഴെ പറയുന്ന നടപടികൾ എടുക്കേണ്ടതാണ്.***

- ***പ്രധാനപ്പെട്ട മൂന്ന് നികുതിയിനങ്ങളുടെയെങ്കിലും ഡിമാന്റ് രജിസ്റ്റർ നടപ്പു സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുമ്പ് തയ്യാറാക്കേണ്ടതാണ്.***
- ***കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശികയാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ തയ്യാറാക്കണം***
- ***എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റേയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി കുറഞ്ഞത് മൂന്ന് മാസത്തി ലൊരിക്കലെങ്കിലും പ്രാദേശിക സർക്കാരുകളുടെ യോഗത്തിൽ സമർപ്പിക്കേണ്ടതും പ്രാദേശിക സർക്കാർ ഭരണസമിതി പ്രസ്തുത റിപ്പോർട്ട് ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നല്കേണ്ടതുമാണ്.***
- ***നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണ്.***
- ***പ്രാദേശിക സർക്കാരുകളുടെ റവന്യൂ വരവിന്റെയും കുടിശ്ശിക യുടെയും വിശദാംശങ്ങൾ സംസ്ഥാന സർക്കാർ തയ്യാറാക്കി നിയമസഭയിൽ വയ്ക്കേണ്ടതാണ്.***

- ***പ്രാദേശിക സർക്കാരുകളുടെ വായ്പയെ സംബന്ധിച്ച ഡി.സി.ബി പത്രിക തയ്യാറാക്കുകയും പ്രാദേശിക സർക്കാർ ഭരണസമിതി യോഗത്തിലും ഗ്രാമസഭകളിലും വാർഡ് കമ്മിറ്റികളിലും അവലോകനം നടത്തേണ്ടതുമാണ്.***
- ***കെട്ടിട നികുതിയിൽ വൻ കുടിശ്ശിക വീഴ്ച വരുത്തുന്നവരുടെ പത്രിക പ്രാദേശിക സർക്കാർ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്; വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്***

വിശദമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഇത് അടിയന്തിരമായി നടപ്പിലാക്കേണ്ടതും ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പി ക്കേണ്ടതുമാണ്.

***(vi) സാമ്പത്തിക സ്ഥിതി സംബന്ധിച്ച ചിത്രം കാലാനുസരണമാക്കുന്നതിനും, നടപ്പിലാക്കേണ്ട പദ്ധതി ചെലവിന്റെ വലിപ്പം നിശ്ചയിക്കുന്നതിനായി പ്രാദേശിക സർക്കാരുകളുടെ വിഭവ ലഭ്യത തിട്ടപ്പെടുത്തുന്നതിനും, ഈ മേഖലയുമായി ബന്ധപ്പെട്ട മറ്റു പഠനങ്ങൾ നടത്തുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു 'ബോർഡ് ഓഫ് ഫിസ്കൽ റിസർച്ച്' രൂപീകരിക്കാവുന്നതാണ്.***

കിലയിൽ ഒരു 'ലോക്കൽ ഗവണ്മെന്റ് ഫിസ്കൽ റിസർച്ച് സെൽ' രൂപീകരിക്കാവുന്നതാണ്. ഇതിനായി റിസർച്ച് ഓഫീസർ, റിസർച്ച് അസിസ്റ്റന്റ് എന്നിവയുടെ ഓരോ തസ്തിക സൃഷ്ടിക്കാവുന്നതും ആയതിൽ സംസ്ഥാന ആസൂത്രണ ബോർഡിൽ നിന്നോ സാമ്പത്തിക-സ്ഥിതി വിവര ഡയറക്ടറേറ്റിൽ നിന്നോ ഡെപ്യൂട്ടേഷൻ മുഖേന നിയമനം നടത്താവുന്നതുമാണ്. 7.65 -6(1) മുതൽ (6) വരെയുള്ള ഖണ്ഡികകളിൽ വിശദീകരിച്ചിട്ടുള്ള തരത്തിലാകാം ആ സെല്ലിന്റെ പഠന വിഷയങ്ങൾ.

***(vii) നികുതി/നികുതിയേതര തുകകൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവരുടെ പേരു വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.***

ഏതു തുകയ്ക്കുമേൽ വീഴ്ചവരുത്തുന്നവരുടെ പേരുകളാണ് പ്രസിദ്ധീകരിക്കേണ്ടത് എന്ന് ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും മുനിസിപ്പൽ കോർപ്പറേഷനുകളും തീരുമാനിക്കണം. ഇത്തരക്കാരുടെ പട്ടിക സോഫ്റ്റ്‌വെയർ മുഖാന്തിരം സ്വമേധയാ സൃഷ്ടിക്കപ്പെടണം.

***(viii) കേരള ജല അതോറിറ്റിയുടെ പബ്ലിക് ടാപ്പുകൾ മീറ്ററധിഷ്ടിത ഗാർഹിക കണക്ഷനുകളായി പരിവർത്തനം ചെയ്യപ്പെടണം. റോഡിതര സംരക്ഷണ ഫണ്ട് ഈ ആവശ്യത്തിനായി ഉപയോഗിക്കാൻ പ്രാദേശിക സർക്കാരുകളെ അനുവദിക്കാവുന്നതാണ്. ഈ പരിവർത്തന പ്രക്രിയ നിർബന്ധമാക്കേണ്ടതും 2012-13 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.***

ഇക്കാര്യം ജൽജീവൻ മിഷൻ പദ്ധതിയിൽ സർക്കാർ ഇതിനകം പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ പരിവർത്തന പ്രക്രിയയ്ക്ക് മുന്തിയ പരിഗണന നൽകാവുന്നതാണ്

***(ix) KWA, KSEB എന്നിവയ്ക്ക് നൽകാനുള്ള തുക ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയുടെ തനതു വരുമാനം/***

***പൊതു ആവശ്യ ഫണ്ടിൽ നിന്നും നൽകേണ്ട ആദ്യ ഇനം ആക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ അറിയിച്ചുകൊണ്ട് ഈ തുക യഥാസമയം അടയ്ക്കേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്കാണ്. തുക അടയ്ക്കുന്നതിൽ വരുന്ന കാലതാമസത്തിനുള്ള പിഴ അദ്ദേഹത്തിന്റെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.***

ഇത് അടിയന്തരമായി പ്രാവർത്തികമാക്കേണ്ടതാണ്.

***(x) റോഡിതര സംരക്ഷണ ഫണ്ട് വകമാറ്റാൻ പാടില്ല. എന്നാൽ, റോഡിതര സംരക്ഷണ ഫണ്ട് ഉപയോഗിക്കാൻ കഴിയുന്ന ഏതെങ്കിലും ഇനത്തിനായി റോഡ് സംരക്ഷണ ഫണ്ട് ചെലവഴിക്കാൻ പ്രാദേശിക സർക്കാരുകൾക്ക് അനുവാദം നൽകാവുന്നതാണ്.***

ഒരു സർക്കാർ ഉത്തരവു മുഖേന ഇത് പ്രാവർത്തികമാക്കേണ്ടതാണ്.

***(xi) ട്രഷറി വഴി കൈകാര്യം ചെയ്യപ്പെടുന്ന വികസനഫണ്ട്, സംരക്ഷണ ഫണ്ട്, മറ്റ് വിഭാഗം ഫണ്ട് എന്നിവയിൽ നിന്നുമുള്ള പ്രാദേശിക സർക്കാരിന്റെ ചെലവ് ഇനം തിരിച്ച് തത്സമയം തന്നെ ലഭ്യമാകത്തക്ക (ഖണ്ഡിക*** *7.60)* ***തരത്തിലുള്ള ഒരു സോഫ്റ്റ്‌വെയർ എൻ.ഐ.സി വികസിപ്പി ക്കേണ്ടതാണ്.***

ഇത് അടിയന്തരമായി പ്രാവർത്തികമാക്കേണ്ടതാണ്. 2021 ഏപ്രിൽ 1 മുതൽ പ്രാവർത്തികമാക്കുന്നതിനാവശ്യമായ നടപടികൾ ധനകാര്യ വകുപ്പ് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. (ഖണ്ഡിക 7.65)

***നടപടി***

***(ii) ഉം (iii) ഉം ഇനങ്ങൾ, അതായത്, ജില്ലാ പഞ്ചായത്ത് നികുതി ചുമത്തുന്നതും പ്രാദേശിക സർക്കാരുകൾക്ക് മിനിമം വിഹിതം ഉറപ്പാക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ ഒഴികെയുള്ളവ അംഗീകരിച്ചു. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് ഉയർന്നതാണ്. ആയതിനാൽ വസ്തു ഇടപാടിൽ പുതിയ നികുതി ചുമത്തുന്നത് വസ്തു വാങ്ങുന്നവർക്ക്/വിൽക്കുന്നവർക്ക് അധിക ബാധ്യത വരുത്തി വയ്ക്കും.***

**ഇ. മറ്റു ശിപാർശകൾ**

31. ശിപാർശകൾ നടപ്പിലാക്കുന്നതു സംബന്ധിച്ച് കമ്മീഷൻ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്:

1. രണ്ടു ഭാഗങ്ങളായിട്ടു വേണം നടപടി റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കേണ്ടത്. അംഗീകരിച്ച് പ്രാവർത്തികമാക്കിയവയാണ് ഒന്നാം ഭാഗത്തിൽ ഉൾക്കൊള്ളിക്കേണ്ടത്. അംഗീകരിച്ചിട്ടുണ്ടെങ്കിലും നടപ്പിലാക്കുന്ന തിന് കൂടുതൽ സമയം ആവശ്യമായിട്ടുള്ളവയാണ് രണ്ടാമത്തെ ഭാഗത്തിൽ വരേണ്ടത്. രണ്ടാം ഭാഗത്തിലുള്ളവ പ്രാവർത്തികമാക്കുന്നതിനുള്ള സമയക്രമം സൂചിപ്പിക്കണം.
2. സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ നിരീക്ഷിക്കുന്നതിനുള്ള ചുമതല ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയിൽ

നിക്ഷിപ്തമാക്കുന്നത് പരിഗണിക്കണമെന്ന് സർക്കാർ നിയമസഭാ സ്പീക്കറോട് അഭ്യർത്ഥിക്കണം.

3. പൂർണ്ണമായും പ്രാവർത്തികമാക്കാൻ സമയമെടുക്കുന്ന ശിപാർശകളുടെ കാര്യത്തിൽ, താഴെപ്പറയുന്നവർ ഉൾക്കൊള്ളുന്ന ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിക്കേണ്ടതും ശിപാർശകൾ നടപ്പിലാക്കുന്നതിന് ചെയ്യേണ്ട കാര്യങ്ങൾ, ആയതിന്റെ സമയക്രമം, ഉത്തരവാദിത്തങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിശദമായ ഒരു കർമ്മ പദ്ധതി തയ്യാറാക്കേണ്ടതുമാണ്.

| | | |
|---|---|---|
| (i) | ചീഫ് സെക്രട്ടറി | : ചെയർപേഴ്സൺ |
| (ii) | തദ്ദേശസ്വയംഭരണ സെക്രട്ടറി | : അംഗം |
| (iii) | നിയമസെക്രട്ടറി | : അംഗം |
| (iv) | സാമ്പത്തിക ആസൂത്രണ വകുപ്പ് സെക്രട്ടറി | : അംഗം |
| (iv) | ധനകാര്യ സെക്രട്ടറി | : മെമ്പർ സെക്രട്ടറി |

തദ്ദേശ സ്വയംഭരണ വകുപ്പിലെ മറ്റ് സെക്രട്ടറി (മാർ), തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള വകുപ്പധ്യക്ഷന്മാർ, കില ഡയറക്ടർ എന്നിവർ സ്ഥിരം ക്ഷണിതാക്കളായിരിക്കും. ശിപാർശകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള ചുമതല അതിന്റെ കാലാവധിവരെ സംസ്ഥാന ധനകാര്യ കമ്മീഷനെ ഏല്പിക്കാവുന്നതാണ്.

4. എംപവേർഡ് കമ്മിറ്റിയ്ക്കാവശ്യമായ സേവനങ്ങൾ എസ്.എഫ്.സി.സെൽ നൽകുന്നതായിരിക്കും. പഞ്ചായത്ത് സെക്രട്ടറിയായും മുനിസിപ്പൽ സെക്രട്ടറിയായും അഞ്ചുവർഷമെങ്കിലും പ്രവർത്തിച്ചിട്ടുള്ളതും നിലവിൽ കുറഞ്ഞപക്ഷം അസിസ്റ്റന്റ് ഡയറക്ടർ റാങ്കിലുള്ളതുമായ രണ്ടുപേർ ആ സെല്ലിലുണ്ടാകണം. കമ്മീഷൻ ശിപാർശകൾ പ്രാവർത്തികമാകുന്നതു വരെ ഈ ഉദ്യോഗസ്ഥരുടെ സേവനം പൂർണ്ണമായും സെല്ലിലുണ്ടാകണം. ഇതിനായി ഇവരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിക്കാവുന്നതാണ്. ധനകാര്യ കമ്മീഷൻ ശിപാർശകൾ അംഗീകരിക്കുന്ന തീയതി മുതൽ ആറു മാസത്തിനകം എംപവേർഡ് കമ്മിറ്റിയുടെ പ്രവർത്തനം പൂർത്തീകരിക്കണം. (ഖണ്ഡിക 7.66)

***നടപടി***

***നടപടി റിപ്പോർട്ട് ഒന്നോ രണ്ടോ ഭാഗമായി വയ്ക്കണമെന്നതും ശിപാർശകൾ പ്രാവർത്തികമാക്കുന്നതു നിരീക്ഷിക്കുന്നതുമെല്ലാം സർക്കാരിന്റെ സ്വാതന്ത്ര്യമാകയാൽ 31 (1), (2) എന്നീ ശിപാർശകൾ നിരസിച്ചു. എല്ലാ ശിപാർശകളും പ്രാവർത്തികമാക്കുന്ന കാര്യം എംപവേർഡ് കമ്മിറ്റി നിരീക്ഷിക്കുന്നതായിരിക്കും. 31 (3), (4) എന്നീ ശിപാർശകൾ മുകളിൽ പറഞ്ഞിട്ടുള്ള ഭേദഗതിയോടെ അംഗീകരിച്ചു.***

**എഫ്. പ്രത്യേക വിഷയങ്ങൾ**

*32.* ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷൻ 2024 ഏപ്രിൽ 24 നും തുടർന്നുള്ള കമ്മീഷനുകൾ ഓരോ അഞ്ചു വർഷം കഴിയുമ്പോഴും രൂപീകരിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ഭരണ ഘടനയുടെ അന്തസ്സത്തയ്ക്കനുസരണ മാക്കുന്നതിന് വേണ്ടിയാണിത്. (ഖണ്ഡിക 7.67)

***നടപടി***

***ശിപാർശ പരിഗണിക്കുന്നതു മാറ്റിവച്ചു. നിയമവകുപ്പുമായി ആലോചിച്ച് തീരുമാനിക്കാവുന്നതുമാണ്.***

33. ധനവിന്യാസവുമായി ബന്ധപ്പെട്ട ശിപാർശകൾ 2021 ഏപ്രിൽ 1നും തുടർന്നുള്ള കമ്മീഷനുകളുടെ ഇത്തരം ശിപാർശകൾ ഓരോ അഞ്ചുവർഷം കഴിയുമ്പോഴും സ്വമേധയാ പ്രാവർത്തികമാക്കേണ്ടതാണ്. (ഖണ്ഡിക 7.68)

***നടപടി***

***ശിപാർശ അംഗീകരിച്ചു***

34. സംസ്ഥാന ധനകാര്യ കമ്മീഷൻ ചെയർപേഴ്സനെ വാറന്റ് ഓഫ് പ്രീസിഡൻസിന്റെ ക്രമനമ്പർ 17-ൽ ഉൾക്കൊള്ളിക്കേണ്ടതാണ്. ഇത് ഏഴാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ കാര്യത്തിൽ പ്രാവർത്തികമാക്കിയാൽ മതിയെങ്കിലും ഇതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാവുന്നതും വാറന്റ് ഓഫ് പ്രീസിഡൻസ് യഥാവിധി ഭേദഗതി ചെയ്യാവുന്നതുമാണ്. (ഖണ്ഡിക 7.69)

***നടപടി***

***സംസ്ഥാന ധനകാര്യകമ്മീഷൻ ചെയർമാനും അംഗങ്ങൾക്കും നൽകേണ്ട പദവി സംബന്ധിച്ച് സർക്കാർ അതത് കാലത്ത് തീരുമാനിക്കുന്നതായിരിക്കും. പദവി നൽകുന്ന കാര്യം സർക്കാരിന്റെ നയമാണ്. പദവി മുൻകൂട്ടി നിശ്ചയിക്കേണ്ടതില്ല. ആകയാൽ ശിപാർശ നിരസിച്ചു.***

35. വിവിധ തലത്തിലുള്ള പ്രാദേശിക സർക്കാരുകൾക്ക് നൽകുന്ന അവാർഡ് തുക ഇരട്ടിയാക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പധ്യക്ഷൻ കൈകാര്യം ചെയ്യുന്ന ഒരു സ്വതന്ത്ര സ്കീം ആക്കി ഈ അവാർഡിനെ മാറ്റണമെന്നും കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. അവാർഡിനർഹമായ പ്രാദേശിക സർക്കാരുകളെ പ്രഖ്യാപിച്ചുകൊണ്ട് സർക്കാർ ഉത്തരവിറങ്ങിയാൽ ആയതിന്റെ അവാർഡ് തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാരിന്റെ പൊതു ആവശ്യഫണ്ട് സൂക്ഷിച്ചിട്ടുള്ള അക്കൗണ്ടിലേക്ക് സ്ഥിരമായി മാറ്റുന്നതിനു സഹായകമായ രീതിയിൽ ധനകാര്യവകുപ്പ് ഒരു പൊതു ഉത്തരവ് ഇറക്കേണ്ടതാണ്. ഈ അവാർഡ് തുകയുടെ വിനിയോഗം എങ്ങനെ വേണമെന്ന് തീരുമാനിക്കാൻ പ്രാദേശിക സർക്കാരിന് സ്വാതന്ത്ര്യമുണ്ടായിരിക്കും. (ഖണ്ഡിക 7.71 & 7.72)

***നടപടി***

***ശിപാർശ അംഗീകരിച്ചു***

36. ധനവിന്യാസം വഴി നൽകപ്പെടുന്ന മൂന്നിനം ഫണ്ടുകളും ഉൾപ്പെടുന്ന 'XLIII നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും' എന്ന ഡിമാന്റ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വകുപ്പധ്യക്ഷന്മാർ വേണം കൈകാര്യം (Operate) ചെയ്യേണ്ടത്. 2015-16 വരെ ഇതായിരുന്നു സ്ഥിതി. ജില്ലാ പഞ്ചായത്തുകളുടെ കാര്യത്തിൽ പഞ്ചായത്തു ഡയറക്ടറും മുനിസിപ്പൽ കോർപ്പറേഷനുകളുടെ കാര്യത്തിൽ നഗരകാര്യ ഡയറക്ടറും കൈകാര്യം ചെയ്യണം. ധനകാര്യം, ആസൂത്രണം, തദ്ദേശ സ്വയംഭരണം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ ഉൾപ്പെട്ട മൂന്നംഗ കമ്മിറ്റി വേണം ബജറ്റ് വിഹിതം നിശ്ചയിക്കേണ്ടത്. മറ്റ് യാതൊരുവിധ ഉത്തരവും കൂടാതെ തന്നെ മുൻ നിശ്ചയിച്ച സമയക്രമം അനുസരിച്ച് യഥാസമയം ഫണ്ട്

കൈമാറുന്നതിനുതകുന്ന തരത്തിൽ ധനകാര്യ വകുപ്പ് ഒരു പൊതു ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്. (ഖണ്ഡിക 7.74)

***നടപടി***

***നിലവിലുള്ള ഫണ്ട് കൈമാറ്റ രീതി ഫലപ്രദമാകയാൽ അത് തുടരുന്നതാണ്. ശിപാർശ നിരസിച്ചു.***

37. വിവേചനപരമായ ഗ്രാന്റ് (discretionary grant) അനുവദിക്കുന്ന രീതി പൂർണ്ണമായും അവസാനിപ്പിക്കണമെന്ന് കമ്മീഷൻ ശക്തമായി ശിപാർശ ചെയ്തിട്ടുണ്ട്. പുതിയ പ്രാദേശിക സർക്കാരുകൾക്ക് പശ്ചാത്തല സൗകര്യം ഏർപ്പെടുത്തേണ്ട പ്രത്യേക സാഹചര്യം ഉരുത്തിരിയുകയാണെങ്കിൽ ഒരു പ്രത്യേക പ്രാദേശിക സർക്കാരിനെ മാത്രം പരിഗണിക്കാതെ അത്തരത്തിലുള്ള എല്ലാ പ്രാദേശിക സർക്കാരുകൾക്കും മാനദണ്ഡപ്രകാരം വേണം ഫണ്ട് അനുവദിക്കേണ്ടത്. വിവേചനപരമായി ഫണ്ടനുവദിക്കുന്നത് വികേന്ദ്രീകൃതാ സൂത്രണത്തിന്റെ അടിസ്ഥാന തത്വങ്ങൾക്കെതിരാണ്. (ഖണ്ഡിക 7.76)

***നടപടി***

***ശിപാർശ അംഗീകരിച്ചു***